''സ്ത്രീകൾക്കുമാത്രം'' ബസ്സുകൾ

* 627 [684] ശ്രീ. വക്കം പുരുഷോത്തമൻ:
,, എ.എ. റഹിം:
,, സേവ്യർ അറയ്ക്കൽ:
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
,, പി.ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ''സ്ത്രീകൾക്കുമാത്രം'' ബസ്സുകൾ ഓടിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) വിദ്യാർത്ഥിനികൾമാത്രം പഠിക്കുന്ന കോളേജുകളിലേക്ക് അവരുടെ സൗകര്യം മുൻനിർത്തി സ്ത്രീകൾക്കു മാത്രമായി ചില ട്രിപ്പുകൾ കോർപ്പറേഷൻ നടത്തുന്നുണ്ട്.

(ബി) തിരുവനന്തപുരം സിറ്റിയിൽ പല വനിതാ കോളേജുകളുമുള്ളതുകൊണ്ട് സിറ്റിയിൽനിന്നും, അതുപോലെ നെയ്യാറ്റിൻകര, നെടുമങ്ങാട്, വിഴിഞ്ഞം, ആറ്റിങ്ങൽ എന്നീ സമീപ യൂണിറ്റുകളിൽ നിന്നുമായി ഏതാണ്ട് 20 ട്രിപ്പുകൾവീതം രാവിലെയും വൈകുന്നേരവും സ്ത്രീകൾക്കു മാത്രമായി ഓടിക്കുന്നുണ്ട്. ഇതുപോലെ കൊല്ലം, കോട്ടയം, ചങ്ങനാശ്ശേരി മുതലായ യൂണിറ്റുകളിൽനിന്നും ചില ട്രിപ്പുകൾ നടത്തുന്നുണ്ട്.

ശ്രീ. എ.എ. റഹിം: ഈ ബസ്സുകളിൽ സ്ത്രീകളെ കണ്ടക്ടർമാരായി നിയമിക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: യാത്രക്കാരുടെ കാര്യമാണ് ഇവിടെ ചോദിച്ചത്. കണ്ടക്ടർ ആരായിരിക്കണം, ഡ്രൈവർ ആരായിരിക്കണം എന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: ഇവിടെ വായിച്ചതിൽ എറണാകുളം ഉൾപ്പെടുന്നില്ല. അവിടെകൂടി ഈ സർവ്വീസ് നടപ്പാക്കാൻ മുൻകൈ എടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോഴും കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന കോളേജുള്ള പ്രദേശത്താണ് ട്രിപ്പുകൾ നടത്തുന്നത്. എറണാകുളത്തും ഓടിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: കേരളത്തിൽ ജനസംഖ്യയിൽ ആയിരം പുരുഷൻമാർക്ക് 1021 സ്ത്രീകളുണ്ട്. അതിനെ പരിഗണിച്ച് സ്ത്രീകൾക്കു മാത്രം പ്രത്യേകം ബസ് സർവ്വീസ് ഏർപ്പെടുത്തേണ്ടതു ആവശ്യമല്ലേ? അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആയിരം കഴിഞ്ഞുള്ള സ്ത്രീകൾ സ്വൽപമേ ബാക്കിയുള്ളു. അവർക്കുവേണ്ടി പ്രത്യേകം ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഒരു വണ്ടിയിൽ കയറണമെങ്കിൽ ഗുസ്തി നടത്താതെ നിവൃത്തിയില്ലാത്ത പരിതഃസ്ഥിതിയാണുള്ളത്. അതു പരിഗണിച്ചെങ്കിലും സ്ത്രീകൾക്ക് ഗുസ്തി നടത്താൻ വൈഷമ്യമുള്ളതു കണക്കിലെടുത്ത് സ്ത്രീകൾക്ക് മാത്രമായി കൂടുതൽ ബസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗുസ്തി പിടിക്കുന്നതിലൊന്നും സ്ത്രീകൾ മോശക്കാരല്ല. സർക്കസ്, കളരിപ്പയറ്റ് മുതലായ രംഗങ്ങളിൽ പുരുഷൻമാരേക്കാൾ കൂടുതൽ തന്റേടം സ്ത്രീകൾ കാണിക്കാറുണ്ട്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ''തേരു തെളിച്ചീലേ പണ്ട് സുഭദ്ര'' എന്നു പറയാൻ തുടങ്ങിയിട്ട് കാലം കുറേയായി. ആ സ്ഥിതിക്ക് സ്ത്രീകളെ ഡ്രൈവർമാരായും കണ്ടക്ടർമാരായും നിയമിക്കുന്നതിന് എന്താണ് തടസ്സം?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഒരു തടസ്സവുമില്ല.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: തടസ്സമില്ലെങ്കിൽ പിന്നെ അവരെ നിയമിക്കുന്നതിൽ എന്താണ് ബുദ്ധിമുട്ട്?

ശ്രീ. കെ. നാരായണക്കുറുപ്പ്: തടസ്സമില്ലാത്ത കാര്യമാണെങ്കിലും ബുദ്ധിമുട്ടുണ്ട്.

ശ്രീ. ടി.എ. മജീദ്: വളരെ പ്രായമായിട്ടും വിവാഹം കഴിക്കാത്തവരും സ്ത്രീവിദ്വേഷികളായ പുരുഷൻമാരും കേരളത്തിൽ വളരെയധികം ഉള്ളപ്പോൾ പുരുഷൻമാർക്ക് മാത്രമായി കൂടുതൽ ബസ്സുകൾ ഏർപ്പെടുത്തുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകം ബസ്സുകൾ കൊടുക്കാം. പക്ഷേ സ്ത്രീകളും പുരുഷൻമാരുമല്ലാത്തവർക്ക് പ്രത്യേകം ബസ് കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

ശ്രീ. ഇ. അഹമ്മദ്: സ്ത്രീകൾക്കുമാത്രമായി ബസ്സുകൾ മലബാർ ഭാഗത്ത് ഓടിക്കാതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ? മലബാറിൽ ധാരാളം വനിതാ കോളേജുകളുള്ളതുകൊണ്ട് അവിടെയും ഇതു നടപ്പാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മലബാർ പ്രദേശത്ത് സ്ത്രീകൾക്ക് മാത്രം എന്നുള്ള ബസ് വേണ്ടാ എന്നാണ് അഭിപ്രായം. കാരണം അവിടെ സ്ത്രീകളും പുരുഷൻമാരും ഒന്നിച്ച് യാത്ര ചെയ്യുന്നതിൽ യാതൊരു തടസ്സവുമില്ല.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സ്ത്രീകൾ തിങ്ങി ഞെരുങ്ങി സഞ്ചരിക്കുന്ന ബസ്സുകളിലെ ഒറ്റയാനായി നിൽക്കുന്ന പുരുഷ കണ്ടക്ടർമാരുടെ വിഷമസ്ഥിതി പരിഗണിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ നിർദ്ദേശം സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതു കണ്ടക്ടർമാരോട് ചോദിച്ചുനോക്കേണ്ട കാര്യമാണ്. ഇതിൽ ആർക്കാണ് ബുദ്ധിമുട്ട് എന്നുള്ള കാര്യത്തിൽ ഇതുവരെ ഒരു തീരുമാനമുണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: സ്ത്രീകൾ മാത്രമായ ബസ് കോളേജു വിദ്യാർത്ഥിനികൾക്കാണെന്നു പറഞ്ഞു. ധാരാളം സ്ത്രീകൾ ഗവൺമെൻറാഫീസുകളിലും മറ്റും പ്രവൃത്തിയെടുക്കുന്നുണ്ട് എന്നുള്ളതു കണക്കിലെടുത്തുകൊണ്ട് എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും ഇത്തരത്തിൽ സ്ത്രീകൾക്കുമാത്രമുള്ള ബസ്സുകൾ ആവശ്യമാണെന്നതു പരിഗണിച്ച് പ്രത്യേകിച്ച് എറണാകുളത്ത് ചേരാനല്ലൂരിൽനിന്നു ടൗണിലേക്ക് സ്ത്രീകൾക്കു മാത്രമായി ഒരു ബസ്സേ തുടങ്ങിയിട്ടുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിൽ കാലത്തും വൈകുന്നേരവും സമയങ്ങളിൽ സ്ത്രീകൾക്കു മാത്രമായി കൂടുതൽ ബസ് സർവ്വീസുകൾ വ്യാപകമായി നടത്താനുള്ള പ്രവർത്തനങ്ങൾ ഗവൺമെൻറ് ഉടൻതന്നെ ആരംഭിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പെൺകുട്ടികൾക്ക് മാത്രമായാണ് ഇത് തുടങ്ങിയതെങ്കിലും സൗകര്യമുള്ളിടത്തോളം മറ്റു സ്ത്രീകളേയും ആ ബസ്സിൽ കയറ്റാറുണ്ട്. ഇവിടെ സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സ്ത്രീകളായ ഉദ്യോഗസ്ഥകൾക്കുവേണ്ടി ഒരു പ്രത്യേക സർവ്വീസ് നടത്തണമെന്നു ആവശ്യപ്പെട്ടു. അതേപ്പറ്റി നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. എറണാകുളത്തും കോഴിക്കോട്ടും ആവശ്യമെന്നു കണ്ടാൽ രാവിലെയും വൈകുന്നേരവും ഏതാനും ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യാൻ നടപടിയെടുക്കാം.

ശ്രീ. എൻ.കെ. ബാലകൃഷ്ണൻ: വിദ്യാർത്ഥിനികൾക്കു വേണ്ടി പ്രത്യേകമായി ബസ് ഏർപ്പെടുത്തിയിട്ടുള്ളതുപോലെ വിദ്യാർത്ഥിനികളുടെ ശല്യം ഒഴിവാക്കാൻവേണ്ടി വിദ്യാർത്ഥികൾക്കും പ്രത്യേകമായി ബസ് ഏർപ്പെടുത്താൻ ദയവുണ്ടാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അവർ തമ്മിലുള്ള തർക്കത്തിൽ ഏതാണ് ശരിയെന്നുള്ളത് ആൺകുട്ടികളോടും പെൺകുട്ടികളോടും ചോദിച്ചു തീരുമാനം ചെയ്യേണ്ട കാര്യമാണ്. നാം ബുദ്ധിമുട്ടി ഒരു തീരുമാനമെടുത്താൽ അവർക്ക് ഇഷ്ടമില്ലെങ്കിൽ സമൂഹത്തിൽ അൽപം അസുഖമുണ്ടാക്കുന്ന ഏർപ്പാടായതുകൊണ്ട് ഒരു സെമിനാർ നടത്തി പ്രത്യേകം പ്രത്യേകം ബസ് വേണമോ എന്നുള്ളതിനെക്കുറിച്ച് ആലോചിച്ച് ഒരു തീരുമാനമെടുക്കാം.

ശ്രീ. ലോനപ്പൻ നമ്പാടൻ: പുരുഷൻമാരോടൊപ്പം സ്ത്രീകൾക്കു തുല്യസ്ഥാനം വേണമെന്നു നിരന്തരമായി വാദിക്കുന്ന ഇന്ദിരാഗാന്ധിയുടെ അഭിപ്രായത്തിനെതിരായി ഇത്തരത്തിൽ സ്ത്രീവർഗ്ഗത്തെ ഇന്ദിരാഗാന്ധിയുടെ പാർട്ടിക്കാർ തരം താഴ്ത്തുന്നത് ശരിയാണോ?

(ഉത്തരമില്ല.)

ശ്രീ. എം.വി. മാണി: സ്ത്രീകളെ കണ്ടക്ടർമാരായി നിയമിച്ചാൽ ബസ്സുകളുടെ കാര്യക്ഷമത വർദ്ധിക്കും, കളക്ഷൻ കൂടുമെന്നുള്ള അഭിപ്രായമുണ്ട്. അതുകൊണ്ട് ഇതൊന്നു പരീക്ഷണാർത്ഥം നടപ്പാക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സ്ത്രീകൾമാത്രം പഠിക്കുന്ന കോളേജുകളിൽ പുരുഷൻമാർ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് എവിടെ ചെന്നാലും സ്ത്രീകൾ മാത്രമേ പാടുള്ളൂ, വേറെ എവിടെയെങ്കിലും പോയാൽ പുരുഷൻമാർ മാത്രമേയുള്ളൂ എന്നുള്ള രീതിയിൽ വന്നാൽ നമ്മുടെ കേരളത്തിന്റെ ഇന്നത്തെ സൗന്ദര്യം നഷ്ടപ്പെട്ടും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: ബാംഗ്ലൂർ, ഡൽഹി തുടങ്ങിയ പട്ടണങ്ങളിൽ സിറ്റി സർവ്വീസുകളിൽ വനിതാ കണ്ടക്ടർമാരെ നിയമിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഇവിടെയും വനിത കണ്ടക്ടർമാരെ നിയമിക്കുന്നതിൽ എന്താണ് തടസ്സം?

ശ്രീ. കെ. നാരായണക്കുറുപ്പ്: തടസ്സമൊന്നുമില്ല. പുരുഷൻമാർക്കുതന്നെ ജോലി കൊടുക്കാൻ ബുദ്ധിമുട്ടുള്ളപ്പോഴും, ഇതിനേക്കാൾ സൗകര്യപ്രദമായ വിധത്തിൽ മറ്റു ജോലികൾ ബുദ്ധിമുട്ടില്ലാതെ ചെയ്യാൻ പുരുഷൻമാരേക്കാൾ സ്ത്രീകൾക്ക് സാദ്ധ്യതയുള്ളതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്.

ബസ് സ്റ്റേഷനും ഗ്യാരേജിനും സ്ഥലം തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം

* 628 [685] ശ്രീ. കെ.ടി. കുമാരൻ:
,, കണിയാപുരം രാമചന്ദ്രൻ:
,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ബസ് സ്റ്റേഷൻ, ഗ്യാരേജ് എന്നിവ പണിയുന്നതിന് സ്ഥലം തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്താണ്;

(ബി) ഈ വർഷം എത്ര ഗ്യാരേജുകൾ പണിയുന്നതിനുള്ള അനുവാദം കൊടുത്തു;

(സി) അവ എവിടെയെല്ലാം?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) പ്രധാനമായും ഓപ്പറേറ്റ് ചെയ്യാവുന്ന ഷെഡ്യൂളുകളുടെ എണ്ണം, യാത്രക്കാരുടെ ബാഹുല്യം, സൗകര്യമായ സ്ഥലത്തിന്റെയും വെള്ളത്തിന്റെയും ലഭ്യത ഇവയാണ് മാനദണ്ഡമായി സ്വീകരിക്കാറുള്ളത്.

(ബി,സി) പയ്യന്നൂർ സ്റ്റേഷൻ ഗ്യാരേജിൽ കൂടുതൽ സ്ഥലം ലഭിക്കുന്നതിനുവേണ്ട കെട്ടിടം പണിയുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്. ഗുരുവായൂർ, വൈക്കം, കാട്ടാക്കട എന്നീ സ്ഥലങ്ങളിൽ ഗ്യാരേജും ബസ് സ്റ്റേഷനും പണിയുന്നതിന് നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ.ടി. കുമാരൻ: ജില്ലാ തലസ്ഥാനമായ കണ്ണൂരിൽ ഇന്നുള്ള ബസ് സ്റ്റേഷനും ഗ്യാരേജും തീരെ സൗകര്യമില്ലാത്തതാണെന്നു മനസ്സിലാക്കി അവിടെ ഒരു ജില്ലാ സ്റ്റേഷനും ഗ്യാരേജും ഉണ്ടാക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്നു പറയാമോ; പുതുതായി ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly